കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് – 2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.KSA/KNR/C10/2010/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ – 670001.
e-Mail: lfaddistofficeknr@gmail.com
Phone: 0497 2707698.
തിയ്യതി: 04-01-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),

കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈറിപ്പോർട്ടിലെ 3-1,3-2 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. [കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15].

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയരക്ടർ, തിരുവനന്തപുരം (ഇ-മെയിൽ)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3. കാര്യാലയപ്രതി.

നം. KSA/KNR/C10/2010/2016. തീയ്യതി: 04-01-2017

## കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ്ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

# ആമുഖം

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2016 മുതൽ 24.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 13 എണ്ണം നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഈ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ അശോകൻ മഠത്തിൽ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 25.10.2016 മുതൽ 04.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ സുരേശൻ.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ രഘുനാഥ്.സി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ വിപിന വൽസരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി ഖദീജ തെക്കെയിൽ | 01.04.2015.മുതൽ 30.10.2015 വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | ശ്രീ എം.മോഹനൻ, സെക്രട്ടറി<br>ശ്രീമതി സുജ കാരാട്ട്, കൃഷി ഓഫീസർ<br>ശ്രീമതി പ്രസന്ന.പി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ. | 31.10.2015.മുതൽ 16.11.2015 വരെ |
| പ്രസിഡണ്ട് | ശ്രീ കരുവാങ്കണ്ടി ബാലൻ | 17.11.2015.മുതൽ 31.03.2016 വരെ |

2.നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ എം.മോഹനൻ | 01.04.2015.മുതൽ 29.02.2016 വരെ |
| | ശ്രീമതി ലസിത.കെ.എ (സെക്രട്ടറിയുടെ ചാർജ്ജ്) | 01.03.2016.മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ സുമേഷ്.എസ്.ജി | 01.04.2015.മുതൽ 24.07.2015 വരെ |
| | ശ്രീമതി സുജ കാരാട്ട് | 25.07.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ രേഷ്മ.പി | 01.04.2015.മുതൽ 06.08.2015 വരെ |
| | ശ്രീ രാജീവൻ.ടി | 07.08.2015മുതൽ 24.01.2016 വരെ |
| | ശ്രീമതിലസിത.കെ.എ,അസി.സെക്രട്ടറി (സെക്രട്ടറിയുടെ ചാർജ്ജ്) (അസി. എഞ്ചിനീയറുടെ അധിക ചുമതല) | 25.01.2016മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീ സി.പി.ധനഞ്ജയൻ | 01.04.2015.മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ കെ.പി.ജസീർ | 01.04.2015.മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| എൽ.വി.ഇ.ഒ. | ശ്രീമതി വിനയ ഭാസ്കർ | 01.04.2015.മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ജിനീഷ് | 01.04.2015.മുതൽ 30.06.2015 വരെ |
| | ഡോ.അമൃതകല | 01.07.2015.മുതൽ 10.09.2015 വരെ |
| | ഡോ.പ്രഷീൻ.പി.കെ | 11.09.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സി.എം.പ്രേമൻ | 01.04.2015.മുതൽ 16.08.2015 വരെ |
| | ശ്രീമതി ലസിത.കെ.എ. | 17.08.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി പ്രസന്ന.പി | 01.04.2015.മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ പി.കെ.മോഹനൻ | 01.04.2015.മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ജി,എ.ഡി) | ഡോ.ജിജി. | 01.04.2015.മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി ഷബാന ബീഗം | 01.04.2015.മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം -1<br>പൊതു അവലോകനം | | |

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ഗ്രാമ സഭ. | 1-7 | |
| 8 | ദുരിദാശ്വാസ നിധി | 1-8 | |
| 9 | മോണിറ്ററിംഗ് | 1-9 | |
| 10 | തനത് വരുമാനം | 1-10 | |
| 11 | ക്ഷേമപദ്ധതികൾ | 1-11 | |
| 12 | ക്യാഷ് വെരിഫിക്കേഷൻ | 1-12 | |
| 13 | ആഭ്യന്തരനിയന്ത്രണം | 1-13 | |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-14 | |
| 15 | ഭാഗം -2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 | |
| 17 | ക്വാറികളിലും ക്രഷറുകളിലും ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-2 | |
| 18 | തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല-തൊഴിൽ നികുതി വരുമാനത്തിൽ നഷ്ടം | 2-3 | |

| | | | |
|---|---|---|---|
| 19 | സ്ഥലം മാറിപ്പോയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-4 | |
| 20 | വീട്ടുവാടക ബത്ത ഉൾപ്പെടുത്തി തൊഴിൽനികുതി നിർണ്ണയിച്ച്-അധിക നികുതി ഈടാക്കി | 2-5 | |
| 21 | ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ | 2-6 | |
| 22 | പരസ്യ നികുതി ഈടാക്കിയിട്ടില്ല | 2-7 | |
| 23 | ഭാഗം -3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 24 | അധിക സബ്സിഡി നൽകി-മാർഗ്ഗരേഖയുടെ ലംഘനം | 3-1 | |
| 25 | ഫർണിച്ചറുകൾ വാങ്ങൽ ക്രമക്കേടുകൾ | 3-2 | |
| 26 | വരുമാന പരിധിയിൽ പരിമിതപ്പെടുത്താതെ സബ്സിഡി അനുവദിച്ച -22,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 27 | പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന ലഭ്യമായില്ല : 9,114/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 28 | സാന്ത്വന പരിചരണം :വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.79,953 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 | |
| 29 | ബില്ലുകളും വൌച്ചറുകളും ഹാജരാക്കിയില്ല : 28,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-6 | |
| 30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -140000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 31 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ രശീതി നൽകുന്നില്ല | 3-8 | |
| 32 | മരാമത്ത് പ്രവൃത്തികൾ- ഈടാക്കിയ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- 74042/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 | |

| | | | |
|---|---|---|---|
| 33 | ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കാതെ തുക നൽകി - 1640785/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-10 | |
| 34 | മരാമത്ത് പണികൾ - താർ ബാരൽ വില ഈടാക്കിയില്ല | 3-11 | |
| 35 | തനത് ഫണ്ട് ചെലവ് അപാകതകൾ | 3-12 | |
| 36 | ഭാഗം - 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 37 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 46 | അനുബന്ധം 1 – ഓഡിറ്റ് സർട്ടിഫിക്കറ്റ് | - | |
| 47 | അനുബന്ധം 2-<br>ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ് | - | |
| 48 | അനുബന്ധം 3 – റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | - | |
| 49 | അനുബന്ധം 4- ബാലൻസ് ഷീറ്റ് | - | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് അംഗീകരിച്ച ബജറ്റിന്റെ വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 3,22,07,710 |
| വരവ് | 13,43,57,500 |
| ആകെ | 16,65,65,210 |
| ചെലവ് | 15,92,25,700 |
| നീക്കിയിരിപ്പ് | 73,39,510 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.2016 | 05.08.2016 | തിരിച്ചയച്ചിട്ടില്ല. | തിരിച്ചയച്ചിട്ടില്ല. |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2015-16 | 31.10.2016&<br>01.11.2016 | വിശേഷണങ്ങളോട് കൂടിയത് |

### അപാകത

1. ബാലൻസ് ഷീറ്റിലെ B4ഷെഡ്യൂൾ പ്രകാരമുള്ള തുകയും റസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിലെ

RP40(b)യിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

2. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
3. കുടിശ്ശിക ഡിമാന്റ് റജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല .
4. തൻവർഷം തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടെങ്കിലും കുടിശ്ശികയായി അക്കൌണ്ടിൽ കാണിച്ചിട്ടില്ല.(പുത്തൂർ കുത്തുബിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ) .

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 5,60,77,869 |
| വരവ് * | 5,33,02,138 |
| ആകെ | 10,93,80,007 |
| ചെലവ് * | 7,25,23,018 |
| നീക്കിയിരിപ്പ് | 3,68,56,989 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3947337 | 389355<br>*8911510 | 4336692 | 4336692 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 581926 | 364988 | 946914 | 369988<br>*576926 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 14112 | 77112 | 91224 | 77112<br>*14112 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3204887 | 7870000 | 11074887 | 11074887 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2781171 | 1937496 | 4718667 | 4718667 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2629900 | 9112247 | 11742147 | 7438893<br>*4303254 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 4145218 | 4004229 | 8149447 | 4132229<br>*4017218 | 0 | 100 |
| എൻ.ആർ.ഇ.ജി.എസ്. | 0 | 233809** | 233809 | 233000 | 809 | 99.65 |
| ബി ഫണ്ട് | 0 | 29305443<br>(-) | 29305443 | 29305443 | 0 | 100 |

* ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക

**റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം

. (-)ഇ.എഫ് .എം.എസ്. തുക ഉൾപ്പെടെ .

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 173 | 63117416 | 151 | 46067415 | 18 | 22 | 73.51 |

## 1-7 ഗ്രാമ സഭ

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം ഒരു വർഷത്തിൽ നിർബന്ധമായും നാല് ഗ്രാമസഭായോഗങ്ങൾ ചേരേണ്ടതാണ്. പഞ്ചായത്തിലെ 21 വാർഡുകളിലും ഓഡിറ്റ് കാലയളവിൽ രണ്ട് തവണമാത്രമേ ഗ്രാമ സഭകൾ ചേർന്നിട്ടുള്ളൂ. ഇതിൽ ഒന്ന് തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയും രണ്ടെണ്ണം പദ്ധതി ആസൂത്രണ ഗ്രാമസഭകളുമാണ്. ഗ്രാമസഭ സംഘാടനവും നടത്തിപ്പും കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായുണ്ട്. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടം 15(2) അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ കളിൽ ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് പോരായ്മയാണ്.

## 1-8 ദുരിതാശ്വാസനിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രകൃതിക്ഷോഭം, രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതഅനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു ദുരിതാശ്വാസനിധി രൂപികരിക്കണമെന്ന് 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും പണം സ്വരൂപിക്കുന്ന കാര്യത്തിലും അർഹതപ്പെട്ടവർക്കും നൽകുന്ന കാര്യത്തിലും വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ. സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ഈ ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തണമെന്ന് പ്രസ്തുത ആക്ട് സെക്ഷൻ 3(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമപ്രദേശത്ത് താമസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ദുരിദാശ്വാസനിധിയിലേക്ക് പണം സ്വരൂപിക്കുന്നതിനും അർഹതപ്പെട്ടവർക്ക് ധനസഹായം നൽകുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മോണിറ്ററിംഗ്

പദ്ധതി നിർവഹണത്തിലെ അവിഭാജ്യഘടകമാണ് മോണിറ്ററിംഗ്. ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല. വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകൾ ഒഴിച്ചുനിർത്തിയാൽ ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റരീതിയിൽ നടത്തിയിട്ടില്ല.

## 1-10 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | വർഷം 2014-15 | വർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3534076 | 3495171 | 38905 | 1.1(-) |
| നികുതിയേതര വരവുകൾ | 651200 | 762932 | 111732 | 14.64(+) |
| മറ്റുവരവുകൾ | 396447 | - | - | - |
| ആകെ | 4581723 | 4258103 | 150637 | 3.29(+) |

## 1-11 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,05,240 | 64 |
| കർഷകതൊഴിലാളി വേതനം | 34,27,730 | 507 |
| വിധവാപെൻഷൻ | 2,40,000 | 1427 |
| വാർദ്ധക്യകാലപെൻഷൻ | 1,23,94,920 | 1094 |
| വികലാംഗപെൻഷൻ | 39,01,890 | 379 |
| 50 വയസ് തികഞ്ഞ അവിവാഹിത പെൻഷൻ | 15,56,795 | 8 |

## 1-12 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.2016ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22455/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-13 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായുണ്ട്. ജീവനക്കാരുടെ പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിൽ പുരോഗതി കൈവരിച്ചില്ല. ഓഫീസ് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും പ്രവർത്തന വിലയിരുത്തലുകൾ നടത്തേണ്ടതും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമായുണ്ട്.

## 1-14 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.08.2015 | 01.04.2015 മുതൽ31.07.2015 | 12.04.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.07.2014-19.07.2014 | 2009-10 മുതൽ 2013-14 വരെ | 21.08.2014 |

## ഭാഗം-2

## വരവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2015-16 വർഷം ഡി& ഒ ലൈസൻസ് നൽകിയ താഴെ പറയുന്ന കച്ചവടക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | പേര്, വിലാസം | വാർഡ് നം/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ തരം |
|---|---|---|---|---|
| 1 | 46 | സി.കെ സുരേന്ദ്രൻ<br>കുനിയിൽ വീട്<br>ചെറുപ്പറമ്പ് പി.ഒ | XII/115 | പലചരക്ക് കട |
| 2 | 277 | രാജൻ ടി.പി,<br>തറപ്പുറത്ത്,പൊറായി<br>ളുവ്വക്കുന്ന്,പാനൂർ | XII/688 | ലൈറ്റ് & സൌണ്ട് |
| 3 | 8 | പിലാക്കണ്ടിയിൽ കുമാരൻ | XIII/415 | മലഞ്ചരക്ക് കച്ചവടം |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

### 2-2 ക്വാറികളിലും ക്രഷറുകളിലും ജോലി ചെയ്യുന്ന തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2015-16 വർഷത്തിൽ പഞ്ചായത്തിന്റെ പരിധിയിൽ ധാരാളം ക്വാറികളും ക്രഷറുകളും പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ അവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൻ വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | അപേക്ഷ നമ്പർ | ക്വാറി ഉടമയുടെ പേര്, വിലാസം | വാർഡ് നം | റീ സർവ്വേ നമ്പർ |
|---|---|---|---|---|
| 1 | 4 | സി.ജി.ജോർജ്ജ്<br>ചിറ്റേത്ത് ഹൗസ്, കൂത്തുപറമ്പ് | II | 151/1 |
| 2 | 5 | സി.ജി.ജോർജ്ജ്,<br>ചിറ്റേത്ത് ഹൗസ്, കൂത്തുപറമ്പ് | III | 88/1 |
| 3 | 6 | സി.ജി.ജോർജ്ജ്,<br>ചിറ്റേത്ത് ഹൗസ്, കൂത്തുപറമ്പ് | II | 156 |
| 4 | 10 | വി.കെ.ജോസഫ്,<br>പാന്ഥർഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | XII | -- |
| 5 | 50 | കീരൻകുമാരൻ,<br>റീനാലയം, മുതിയങ്ങ പി.ഒ | - | 39/1A |
| 6 | 122 | രവി പാലേരി<br>പാലേരി ഹൗസ്, ചെറുപ്പറമ്പ് | - | 137/2B |
| 7 | 126 | കെ.ഗംഗാധരൻ,<br>കെ.ജി. ഹൗസ്, മുതിയങ്ങ | - | 151/1,1/1 |

മേൽ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ തൊഴിലാളികളുണ്ടെങ്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-3 തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല-തൊഴിൽ നികുതി വരുമാനത്തിൽ നഷ്ടം

2014-15 വർഷം തൊഴിൽ നികുതി ഈടാക്കിയ പുത്തൂർ കുത്തുബിയ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നിന്നും 2015-16 വർഷം തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. തൻ വർഷത്തെ തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റിൽ മേൽ സ്ഥാപനം ഉൾപ്പെട്ടിട്ടുമില്ല.

മേൽ സ്ഥാപനത്തിൽ നിന്നും 2014-15 വർഷം 36,920/- രൂപ, സ്ഥാപനനികുതി ഉൾപ്പെടെ തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതാണ്.

തൊഴിൽ നികുതി അടക്കാനാവശ്യപ്പെട്ട് പ്രസ്തുത സ്ഥാപന മേധാവിക്ക് പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം തൻവർഷത്തെ ഡിമാന്റും കലക്ഷനും 13,04,200/- രൂപയാണ്(100% പിരിവ്). തൊഴിൽ നികുതിയിനത്തിൽ 2014-15 വർഷത്തെ അപേക്ഷിച്ച് തൻവർഷം 39,060/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

മേൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-4 സ്ഥലം മാറിപ്പോയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(1)(11)എ(1)പ്രകാരം ഒരാൾ ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ മേൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ കുന്നോത്ത്പറമ്പ് പഞ്ചായത്തിന്റെ പരിധിൽ ജോലി ചെയ്ത താഴെ പറയുന്നവരിൽ നിന്നും രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല.

| ജീവനക്കാരന്റെ പേര്, തസ്തിക | സ്ഥാപനം | വിട്ടുതൽ ചെയ്ത തീയ്യതി |
|---|---|---|
| സതീശൻ – CPO 5161 | കൊളവല്ലൂർ പോലീസ് സ്റ്റേഷൻ | 09-12-15 |
| സജീവൻ എം, നഴ്സിംഗ് അസിസ്റ്റന്റ് | പ്രാഥമികാരോഗ്യകേന്ദ്രം | 07-01-16 |

സ്ഥലം മാറിപ്പോയവരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പവരുത്തേണ്ടതാണ്.

## 2-5 വീട്ടുവാടക ബത്ത ഉൾപ്പെടുത്തി തൊഴിൽനികുതി നിർണ്ണയിച്ചു-അധിക നികുതി ഈടാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204(3)പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക അലവൻസോ, സിറ്റി കോമ്പൻസേറ്ററി അലവൻസോ, യാത്രാസൗകര്യ അലവൻസോ, യാത്ര അലവൻസോ ഒഴികെയുള്ള (2005 ലെ ആക്ട് 31 വിശദീകരണം)എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ ലഭ്യമായ മിക്ക റിട്ടേണുകളിലും വീട്ടുവാടക അലവൻസ് കൂട്ടിയുള്ള വരുമാനത്തിന്റെ മേലെയാണ് നികുതി ചുമത്തിയിരിക്കുന്നത്. ഉദാഹരണം ചുവടെ.

| ക്രമനം | ഓഫീസിന്റെ പേര് | ജീവനക്കാരന്റെ പേര് | അർദ്ധവർഷം | വീട്ടുവാടക കൂട്ടിയുള്ള വരുമാനം | വീട്ടുവാടക അലവൻസ് | യഥാർത്ഥ വരുമാനം | ഈടാക്കിയ നികുതി | ഈടാ ക്കേണ്ടത് | അധികം |
|---|---|---|---|---|---|---|---|---|---|
| 1 | PRM Co-op hospital | ടി.രജനി നഴ്സിംഗ് അസിസ്റ്റന്റ് | 2 | 101199 | 1200 | 99999 | 1000 | 750 | 250 |
| 2 | -do- | K.P.Rinil ജൂനിയർ ക്ലർക്ക് | 2 | 101199 | 1200 | 99999 | 1000 | 750 | 250 |
| 3 | SCB കൊളവല്ലൂർ | അനിശൻ എ പ്യൂൺ | 2 | 102522 | 4494 | 98028 | 1000 | 750 | 250 |
| 4 | -do- | അശോകൻ നൈറ്റ് വാച്ച്മാൻ | 2 | 102522 | 4494 | 98028 | 1000 | 750 | 250 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | കൃഷിഭവൻ | ശോഭ.കെ<br>കൃഷി അസിസ്റ്റന്റ് | 2 | 126000 | 2250 | 123750 | 1250 | 1000 | 250 |

തൊഴിൽനികുതി കണക്കാക്കുന്നതിനുള്ള വരുമാനത്തിൽ നിന്നും വീട്ടുവാടക ബത്ത ഒഴിവാക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിലെ അപാകതകൾ

1) കെട്ടിടനിർമ്മാണങ്ങൾ പഞ്ചായത്തിന്റെ അനുമതിയില്ലാതെ

2008 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെ കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി 51 പെർമിറ്റുകൾ നൽകിയിട്ടുണ്ട്. മേൽ പെർമിറ്റുകളിൽ ആകെ 38 എണ്ണം മാത്രമാണ് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയം നടത്തിയിട്ടുള്ളത്. ബാക്കി വരുന്ന 13 കെട്ടിടങ്ങളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ നൽകുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. മേൽകെട്ടിടങ്ങളുടെ കാര്യത്തിൽ അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്നുറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. 07-09-15ലെ 8/15 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം റിപ്പോർട്ട് ചെയ്യുന്നതിനായി അതത് വാർഡുകൾ കൈകാര്യം ചെയ്യുന്ന ക്ലർക്കുമാരെ നിയോഗിച്ചിട്ടുണ്ട്. 2015-16 ൽ അനധികൃത കെട്ടിട നിർമ്മാണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് പഞ്ചായത്ത് അറിയിക്കുകയുണ്ടായി. എന്നാൽ 2015-16 ൽ 390 കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിച്ചു നൽകുകയുണ്ടായി. പഞ്ചായത്തിലെ ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതിയില്ലാതെയാണ് നിർമ്മാണം നടത്തിവരുന്നതെന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. പിന്നീട് പ്രസ്തുത നിർമ്മാണം ക്രമവല്കരിച്ചു നൽകുന്ന പ്രവണതയാണുള്ളത്. പഞ്ചായത്തിന്റെ മുൻകൂർ അനുമതിയില്ലാതെ യാതോരു വിധ നിർമ്മാണ പ്രവർത്തനങ്ങളും പഞ്ചായത്ത് പരിധിയിൽ നടക്കുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

2. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2015-16 ൽ ബിൽഡിംഗ് പെർമിറ്റിനായി ആകെ 264 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 52 അപേക്ഷകളിൽ പെർമിറ്റ് നൽകിയതായോ അനുമതി നിരസിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് ഫീ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ല. 2015-16 ൽ 390 കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്കരിച്ചു നൽകുകയുണ്ടായിട്ടു കൂടി ക്രമവത്കരണം സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നില്ല. 2011 ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 137(3) ലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-7 പരസ്യ നികുതി ഈടാക്കിയിട്ടില്ല

ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിന്മേലോ ചുമരിന്മേലോ പരസ്യപ്പലകയിന്മേലോ എടുപ്പിന്മേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ, പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരു പരസ്യത്തിനും 1994-ലെ കേരളാ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 209 പ്രകാരം പരസ്യ നികുതി ചുമത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം പരസ്യ നികുതിയിനത്തിൽ വരവില്ല. 209-ാം വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക്

ചുമത്താവുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിക്ക് 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലോകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിൻമേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ് എന്ന് സെക്ഷൻ 209 ഡി നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഈടാക്കുന്ന കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അധിക സബ്സിഡി നൽകി-മാർഗ്ഗരേഖയുടെ ലംഘനം

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

പ്രൊജക്ടിന്റെ പേര് - പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നമ്പർ - 27/15-16

ബിൽ നമ്പർ - 11/19.3.2016. തുക. 64988/- എസ്.സി.പി. ഫണ്ട്.

ഭരണാനുമതി നമ്പർ - 141/15 തീ. 6.1.16.

അടങ്കൽ തുക – 65000/-

മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിനായി 13 എസ്.സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി സ്റ്റീൽ മേശ @3580, സ്റ്റീൽ കസേര @786 എന്നിവ ആകെ 4366 (14.5% നികുതിയുൾപ്പെടെ 4999.07രൂപ നിരക്കിൽ (13 x 4999.07 =64988) വാങ്ങി നൽകിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങിയതിന് ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ രശീതി നമ്പർ തീയതി എന്നിവ രേഖപ്പെടുത്താത്ത രശീതി ഹാജരാക്കിയിട്ടുണ്ട്. (ഡി.ഡി.നമ്പർ. 944785/ 23.3.2016.) എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേര് വിവരം രേഖപ്പെടുത്തിയ മിനുട്സ് പുസ്തകമാണ് ഹാജരാക്കിയിട്ടുള്ളത്.

സ.ഉ.(എം.എസ്.) നമ്പർ362/2013/തസ്വ.ഭ.വ തീ. 16.11.2013 പ്രകാരമുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ അനുബന്ധം 16 ലെ ഖണ്ഡിക 6.8(3) പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കേസരയും വാങ്ങി നൽകുന്നതിന് 4000 രൂപ ധന സഹായം നൽകാവുന്നതാണ്. ഫർണ്ണിച്ചർ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിക്കുന്നവർ അർഹരല്ല.

എന്നാൽ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്ന് ഈ വിദ്യാർത്ഥികൾ ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ മേൽ നിബന്ധന പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ ഫർണിച്ചറുകൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന നിബന്ധന പാലിക്കപ്പെട്ടിട്ടില്ല, പഞ്ചായത്ത് ഓഫീസിൽ നിന്ന് നേരിട്ടാണ് വിതരണം ചെയ്തിരിക്കുന്നത്.

മേൽ ഉത്തരവ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 4000 രൂപ മാത്രമേ ധനസഹായം നൽകാവൂ. എന്നാൽ ഇവിടെ 4999.07 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. 13 വിദ്യാർത്ഥികൾക്ക് 13x4000=52000 രൂപ

മാത്രമേ ചെലവഴിക്കാവൂ 64988-52000 =12988 രൂപയുടെ അധികച്ചെലവ് ഈയിനത്തിൽ സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകളാൽ ചെലവുതുകയായ 12988/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം.11/3.11.16 ന് മാർഗ്ഗ നിർദ്ദേശങ്ങൾ ശ്രദ്ധിക്കാതെ പോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നാണ് മറുപടി നൽകിയത്.ഇത് ക്രമവൽക്കരിക്കുന്നതിനാവശ്യമായ ഉത്തരവുകൾ ലഭ്യമാക്കേണ്ടതാണ്.

## 3-2 ഫർണിച്ചറുകൾ വാങ്ങൽ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്.
പ്രൊജക്റ്റ് നമ്പർ 11/16
പ്രൊജക്റ്റിന്റെ പേര്- പഞ്ചായത്തിലെ ഗ്രാമസേവാകേന്ദ്രങ്ങളുടെ ഭൗതിക സൗകര്യ മെച്ചപ്പെടുത്തൽ

അടങ്കൽ തുക 1050000/- വികസന ഫണ്ട്.

ഭരണാനുമതി നമ്പർ - 40/2015/ തീ. 21.03.2015.

ബിൽ നമ്പർ 96 /30.3.2016 തുക 175248/- ഡി.ഡി.നമ്പർ 945574/ 7-4-16

ബിൽ നമ്പർ 97 /31.3.2016 തുക 367602/-ഡി.ഡി.നമ്പർ 945577/ 7-4-16

ആകെ ചെലവ് തുക - 542850/- എഗ്രിമെന്റ് നമ്പർ/തീയതി- 29/2/2016

മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി ടെൻഡർ വിളിച്ചതിനെ തുടർന്ന് പ്രവീൺ എന്റർ പ്രൈസസ് കൂടാളി, കണ്ണൂർ; ഫിഡ്കൊ എന്റർപ്രൈസസ്, ഒളവണ്ണ, കോഴിക്കോട്. എന്നീ സ്ഥാപനങ്ങളിൽ നിന്നും 2 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. അവരുടെ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| | | ക്വാട്ട് ചെയ്ത നിരക്ക് | |
|---|---|---|---|
| ക്ര. നം. | ഇനം | ഫിഡ്കൊ എന്റർപ്രൈസസ് തീയ്യതി26.2.2016 | പ്രവീൺ എന്റർപ്രൈസസ് തീയ്യതി 27.2.2016 |
| 1. | സ്റ്റീൽ അൽമാര 20ഗേജ് 72”x36”x18” | 10,440 | 10,000 |
| 2. | സ്റ്റീൽ ടേബിൾ 4'x2' 20 ഗേജ് നെവോപാൻ ടോപ്പ്. | 4,400 | 4,100 |
| 3. | ആംലെസ്സ് ഫൈബർ ചെയർ നീൽകമൽ (നികുതി, കടത്ത് കൂലി ഉൾപ്പെടെ) | 500 | 470 |

(ഫിഡ്കൊ എന്റർപ്രൈസസ് എന്ന സ്ഥാപനം സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ എസ്./2502 /2014/ M&S/I/SPD നമ്പറായി 17/10/2016 വരെ റജിസ്റ്റർ ചെയ്തിട്ടുണ്ട്.)

കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച പ്രവീൺ എന്റർപ്രൈസസിന്റെ ക്വട്ടേഷൻ സ്വീകരിച്ച് അലമാര, ടേബിൾ എന്നിവ 25 എണ്ണം വീതവും കസേര 525 എണ്ണവും വാങ്ങി 21 വാർഡുകളിലേയും സേവാ കേന്ദ്രങ്ങളിലേക്ക് വിതരണം നടത്തിയിട്ടുണ്ട്. ആയതിന് ആകെ 5,42,850 രൂപ മേൽ പറഞ്ഞ

ഡി.ഡി. മുഖാന്തിരം നൽകിയിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് സെകട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ (പ്രൊജക്ട് നമ്പർ 27/16 ) "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങൽ" എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന് വേണ്ടി ടെണ്ടർ വിളിച്ചപ്പോൾ ഫിഡ്കൊ എന്റർപ്രൈസസ് (26.2.2016) എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് സ്റ്റീൽ ടേബിൾ 4'x2' ഒന്നിന് (20ഗേജ് നെവോപാൻ ടോപ്പ്) 4100/- ആണ്. 3580 രൂപ നിരക്കിൽ 13 എണ്ണം സപ്ലൈ ചെയ്തു. 786 രൂപ നിരക്കിൽ 13 സ്റ്റീൽ കസേരയും നികുതികളും ഉൾപ്പെടെ ആകെ 64,988 രൂപ ഫിഡ്കോവിന് നൽകിയിട്ടുണ്ട്. എന്നാൽ ഫിഡ്കോ ഡി.ഡി.കൈപ്പറ്റിയതിന് തീയതിയും നമ്പറും രേഖപ്പെടുത്താത്തതും സ്ഥാപനത്തിന്റെ സീലില്ലാത്തതുമായ രശീതിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2016 മാർച്ച് മാസത്തിൽ തന്നെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനം ഒരേ സാധനത്തിന് 4100, 4400 എന്നിങ്ങനെ വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്തത് ശരിയായ നടപടിയല്ല.

കൂടാതെ ഫിഡ്കൊ എന്റർപ്രൈസസ് എന്ന സ്ഥാപനം 3580 രൂപയ്ക്ക് 27/16 നമ്പർ പ്രൊജക്ട് പ്രകാരം വിതരണം ചെയ്ത സ്റ്റീൽ ടേബിൾ 4100 രൂപ വില നൽകി പ്രവീൺ എൻറർ പ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് 29.2.2016 തീയതിക്ക് തന്നെ എഗ്രിമെന്റ് ഒപ്പിട്ട 11/16 എന്ന പ്രൊജക്ടിന് വേണ്ടി വാങ്ങിയത് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

കൂടാതെ ഒരേ തീയതിക്ക് കരാർ ഒപ്പിട്ട രണ്ട് പ്രൊജക്ടുകൾക്ക് വേണ്ടി ഒരേ സാധനത്തിന് രണ്ട് വ്യത്യസ്ത നിരക്കുകൾ ക്വാട്ട് ചെയ്ത ഫിഡ്കോ എന്ന സ്റ്റോർ പർച്ചേസ് വകുപ്പിൽ റജിസ്റ്റർ ചെയ്ത് EMD ഒടുക്കുന്നതിൽ നിന്ന് ഒഴിവ് നേടിയ സ്ഥാപനത്തിന്റെ നടപടി ന്യായീകരിക്കാവുന്നതല്ല. ഈ വിവരം സ്റ്റോർപർച്ചേസ് വകുപ്പിനെ അറിയിക്കാവുന്നതാണ്.

പ്രവീൺ എന്റർപ്രൈസസ് എന്ന സ്ഥാപനം, സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിന് സ്റ്റീൽ ടേബിളിന് 4100 രൂപ ക്വാട്ട് ചെയ്തപ്പോൾ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിന് ഇതേ ഐറ്റത്തിന് 4290 രൂപ യാണ് ക്വാട്ട് ചെയ്തത്.

വിശദമായ പരിശോധനക്ക് ശേഷം മേൽ പറഞ്ഞ രണ്ട് സ്ഥാപനങ്ങളേയും കരിമ്പട്ടികയിൽ പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. 5,42,850/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-3 വരുമാന പരിധിയിൽ പരിമിതപ്പെടുത്താതെ സബ്സിഡി അനുവദിച്ചു -22,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

2015-16വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കാലിത്തൊഴുത്ത് നിർമ്മാണം (13/16),ആട് വിതരണം (16/16)എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.എന്നാൽ ആനുകൂല്യം നൽകിയപ്പോൾ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വാർഷിക വരുമാന പരിധി ജി.ഒ.(എം.എസ്)362/13 തസ്വഭവ.തീ.16.11.2013 ലെ സബ്സിഡി മാനദണ്ഡങ്ങളിൽ നിശ്ചയിച്ച നിരക്കിലും(50,000/-രൂപ)മുകളിലാണെന്ന് വില്ലേജ് ഓഫീസിൽ നിന്നും ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെപ്പറയുന്നു.

| പ്രൊജക്ടിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | വരുമാനം | ബിൽ നം തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| കാലിത്തൊഴുത്ത് നിർമ്മാണം | നാണു ആനക്കുഴി മീത്തേൽ | 54000/- | 7/22.03.2016 |
| ആട് വിതരണം | കുമാരൻ മൂക്കോത്ത് | 96000/- | 3/24.02.2016 |

അനർഹമായി ആനുകൂല്യം നൽകിത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാൻ 31.10.2016 ഓഡിറ്റ് എൻക്വയറി (6)മുഖേന ആവശ്യപ്പെട്ടുകയുണ്ടായി.ഇതിന് നൽകിയ മറുപടിയിൽ മേൽ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹതയുള്ളവരാണെന്നും വില്ലേജ് ഓഫിസറുടെ സർട്ടിഫിക്കറ്റ് തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും ആയതിനാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ഒന്നുകൂടിഹാജരാക്കുവാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകയുണ്ടായി.ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നേരത്തെ അനുവദിച്ച വരുമാനസർട്ടിഫിക്കറ്റ് തെറ്റാണെന്ന് വില്ലേജ് ഓഫീസറിൽനിന്നും സാക്ഷ്യപത്രം വാങ്ങി ഗുണഭോക്താക്കളുടെ യഥാർത്ഥ വരുമാനവിവരം കാണിക്കുന്ന സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നു ലഭ്യമായില്ല : 9,114/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം& പേര് : 5/16 പി.എച്ച്.സി കുന്നോത്ത് പറമ്പിലേക്ക് മരുന്ന വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ : 25,000/- വികസനഫണ്ട്

ചെലവ് : 9,114/- ബിൽ നം. 19/15-16/29-03-16

കുന്നോത്ത് പറമ്പ് പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് KMSCLൽ നിന്നും മരുന്ന് വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും 9,114/- രൂപ മുകളിൽ കൊടുത്ത പ്രകാരം പിൻവലിച്ച് ഡി.ഡി നം.623878/22-04-16 പ്രകാരം KMSCL ന് (രശീതി നം 29631/30-04-16) നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതി വരേയും പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് ലഭ്യമായിട്ടില്ല.

കൂടാതെ പ്രോജക്റ്റ് തയ്യാറാക്കുന്നതിനു മുൻപായി ചീഫ് മെഡിക്കൽ ഓഫീസറിൽ നിന്നും NAC ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 9,114/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 സാന്ത്വന പരിചരണം :വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.79,953 രൂപ തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ താഴെ പറയുന്ന പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങിച്ച ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല. വിശദവിവരം ചുവടെ.

| പ്രോജക്റ്റ് നമ്പർ& പേര് | തുക | ബിൽ നമ്പർ/ തീയ്യതി | ഉപകരണം |
|---|---|---|---|

| | | | |
|---|---|---|---|
| 1/16<br>സാന്ത്വന പരിചരണം | 79,953 | 15/15-16/27-01-16 | സാന്ത്വന പരിചരണ ഉപകരണങ്ങൾ |

സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.5 തീയ്യതി 31-10-2016 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. അതിനാൽ 79,953 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയില്ല : 28,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ പ്രോജക്ട് നിർവ്വഹണത്തിനായി ട്രഷറിയിൽ നിന്നും പിൻവലിച്ച താഴെ പറയുന്ന തുകയുള്ള ബില്ലുകളും വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

| ക്രമനമ്പർ | ബിൽ നമ്പർ ,തീയ്യതി | തുക |
|---|---|---|
| 1 | 8/15-16/26-09-15 | 3,400.00 |
| 2 | 9/15-16/26-09-15 | 24,850.00 |

മേൽ വൗച്ചറുകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.5 തീയ്യതി 31-10-2016 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. ചെലവു രേഖകളുടെ അഭാവത്തിൽ 28,250 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം അവ നിലവിലില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല -700044/-രൂപ തടസ്സപ്പെടുത്തുന്നു

2015-16 വർഷങ്ങളിൽ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ ഭാഗമായി ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 7,00,044/- രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ.

| പ്രോജക്ട് നം&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം&തീയ്യതി/ചെക്ക് നം&തീ | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| ഐ.എ.വൈ ഭവനനിർമ്മാണം | വി.ഇ.ഒ | ഇല്ല/31.12.2015 | 3,12,625/- | കൂത്തുപറമ്പ്ബ്ലോക്ക് പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| 95/16 | | ഇല്ല/22.03.2016 | 3,54,919/- | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് |
| ഐ.എ.വൈ ഭവനനിർമ്മാണം 23/16 | വി.ഇ.ഒ | 06/15.01.2016 | 32,500/ | കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് |
| ആകെ – 7,00,044/- | | | | |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 7,00,044/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ രശീതി നൽകുന്നില്ല

കൃഷി ഓഫീസർ 2015-16 വർഷം നടപ്പാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ &പേര് | ഈടാക്കിയ ഗുണഭോക്തൃ വിഹിതം |
|---|---|---|
| 1 | 90/16 നാടൻ വാഴക്കന്ന് വിതരണം | 50,000/- |
| 2 | 88/16 വാഴക്കൃഷിക്ക് വിത്ത് ലഭ്യമാക്കൽ | 68,750/- |
| 3 | 100/16 ഹൈബ്രിഡ് തെങ്ങിൻ തൈ വിതരണം | 93,750/- |

മേൽ പ്രോജക്ടുകളുടെ ഭാഗമായി ആകെ 2,12,500/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുമ്പോൾ ഗുണഭോക്താക്കൾക്ക് രശീതി നൽകിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിന് വേണ്ടി പണം സ്വീകരിക്കുമ്പോൾ യാതൊരു വീഴ്ചയുമില്ലാതെ, പണം ഒടുക്കുന്നവർക്ക് രശീതി നൽകേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്ചട്ട 20ൽ 2(a) യിൽ നിഷ്കർഷിക്കുന്നു. രശീതി നൽകാതെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് മേൽ ചട്ടത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ പിരിച്ചെടുക്കുന്ന ഓരോ തുകക്കും രശീതി നൽകേണ്ടതാണ്. കൃത്യവിലോപത്തിന് വിശദീകരണം നൽകേണ്ടതാണ്. വിഷയം ഭരണസമിതിയുടേയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 മരാമത്ത് പ്രവൃത്തികൾ- ഈടാക്കിയ നികുതികൾ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല- 74042/-രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

2015-16 വർഷം പൂർണ്ണമായും തനത് ഫണ്ട് വകയിരുത്തി ചില പ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും റിക്കവറി നടത്തിയ നിയമാനുസൃത നികുതികൾ ഒടുക്കിയതിന്റെ രശീതികൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെപ്പറയുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് തുക/വൗ.നം.തീ. | വാറ്റ് | ആദായ നികുതി | ക്ഷേമനിധി വിഹിതം | ആകെ |
|---|---|---|---|---|---|
| പൊയിൽ പീടിക പാലോട്ട് പറമ്പ് ടാറിംഗ് (55/16) | 463697/-ഇല്ല /24.06.2015 | 18,596 | 4,649 | 4,649 | 27,894 |
| വണ്ണാൻകണ്ടി ഗോഗുലംറോഡ് ടാറിംഗ് (56/16) | 185053/-ഇല്ല /23.06.2015 | 7,420 | 1,855 | 1,855 | 11,130 |
| മൂലനിലം നെൽവയൽ ഫുട് പാത്ത് അറ്റകുറ്റപ്പണി (59/16) | 114506/-ഇല്ല /23.08.2015 | 4,580 | 1,145 | 1,145 | 6,870 |
| കൾച്ചറൽ സെന്റർ-അച്ചടി പീടിക റോഡ് ടാറിംഗ് (61/16) | 349046/-ഇല്ല /03.08.2015 | 13,997 | 3,499 | 3,499 | 20,995 |
| പൂവത്തിൻ കീഴിൽ ആക്കാം പറമ്പിൽറോഡ് ടാറിംഗ് (62/16) | 96975/-ഇല്ല /03.08.2015 | 4769 | 1192 | 1192 | 7,153 |
| ആകെ | | | | | 74,042 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7)സമർപ്പിച്ച മറുപടിയിൽ നികുതികൾ ഒടുക്കിയതിന്റെ രശീതികൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രശീതികൾ പരിശോധനയ്ക്ക് ഹാജരാക്കി 74042/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ - ചെലവ് രേഖകൾ ഹാജരാക്കാതെ തുക നൽകി - 1640785/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

2015-16 വർഷം നടപ്പിലാക്കിയ ഏതാനും പ്രവൃത്തികൾ കൺവീനർ മുഖേന നിർവ്വഹണം

നടത്തിയിട്ടുള്ളതാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ കമ്മിറ്റി അംഗീകരിച്ച ചെലവ് രേഖകൾ, പണിയെടുത്ത തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ മസ്റ്റർറോൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ കൺവീനർ ഹാജരാക്കാതെയാണ് അവർക്ക് തുക അനുവദിച്ചിട്ടുള്ളത്. വിശദവിവരം താഴെപ്പറയുന്നു.

| പ്രവൃത്തിയുടെ പേര് | തുക കൈപ്പറ്റിയവരുടെ പേര് | ട്രഷറി ബിൽ തുക | ബിൽ നം തീ |
|---|---|---|---|
| വി.സി.മുക്ക് നവോദയ റോഡ് റീ ടാറിംഗ് | അനീഷ് ആനന്ദ് | 517325/- | 7/01.07.2015 |
| കുന്നോത്ത്പറമ്പ് കുളിച്ചാൽറോഡ് ടാറിംഗ് | വി.പി.കുഞ്ഞിക്കണ്ണൻ | 525000/- | 4/30.06.2015 |
| മക്കൾപള്ളി കുണ്ടുംകര റോഡ് ടാറിംഗ് | എൻ.കെ.അനിൽകുമാർ | 598460/- | 3/20.06.2015 |

മേൽ അപാകതകൾ സംബന്ധിച്ച് 31.10.2016 നൽകിയ ഓഡിറ്റ് എൻക്വയറി-(7) ന് നൽകിയ മറുപടിയിൽ ഇത് അറിവില്ലായ്മകൊണ്ട് സംഭവിച്ചുപോയതാണെന്നും കൺവീനറുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിക്കുക യുണ്ടായി. ഗുണഭോക്തൃ കമ്മിറ്റിക്ക് യഥാർത്ഥത്തിൽ ചെലവായ തുക ആകെ ചെയ്ത പ്രവൃത്തിമൂല്യത്തെക്കാൾ കുറവായിരുന്നുവെങ്കിൽ ആ തുക മാത്രമേ അനുവദിക്കാവൂ എന്നിരിക്കെ ഇതൊന്നും പരിശോധിക്കാതെ ചെയ്ത പ്രവൃത്തിമൂല്യത്തെമാത്രം അടിസ്ഥാനമാക്കി തുകനൽകിയതിനാൽ കൺവീനർക്ക് അധികതുക നൽകിയോ എന്ന് പറയാനാവില്ല. ഇത് പ്രൊജക്ട് നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്ന് വന്ന വീഴ്ചയാണ്. പ്രവൃത്തി നിർവ്വഹണം നടത്തിയ ഗുണഭോക്തൃ കമ്മിറ്റിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവഴിച്ച 16,40,785/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 മരാമത്ത് പണികൾ - താർ ബാരൽ വില ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ റോഡ് പ്രവൃത്തികളിലെ ബില്ലിൽനിന്നും ഒഴിഞ്ഞ താർ ബാരലുകളുടെ വില കരാറുകാരിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.SOR 2012പ്രകാരം ബാരൽ ഒന്നിന് 238 രൂപ നിരക്കിൽ ബാരൽ വില ഈടാക്കേണ്ടതാണ്. (12.5% വാറ്റ് പുറമേ). KWWF വിഹിതം ഒടുക്കിയതിന് ഡി.ഡി.യുടെ ഫോട്ടോകോപ്പി മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഒറിജിനൽ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. വീപ്പയുടെ വില ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തനത് ഫണ്ട് ചെലവ് അപാകതകൾ

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ തനത് ഫണ്ട്

വൗച്ചറുകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെടുകയുണ്ടായി.

1. പഞ്ചായത്ത് ജീവനക്കാരുടെ പ്രതിമാസ ശമ്പളം വിതരണം ചെയ്യുമ്പോൾ അക്വിറ്റൻസ് റജിസ്റ്ററിൽ ആകെ ശമ്പളം, ശമ്പളം വിതരണം ചെയ്ത തീയ്യതി എന്നിവ രേഖപ്പെടുത്തുന്നില്ല.

കൂടാതെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബിൽ റജിസ്റ്ററിൽ ചെക്ക് നമ്പർ, ബാങ്കിന്റെ പേര് എന്നിവ ചേർക്കുന്നില്ല.

2. ചെക്ക് നമ്പർ 3336/27.2.16, കോളവല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് - തുക 17154/-, വൗച്ചർ നമ്പർ- 215001039 (ഈ തുകയിൽ നിന്ന് 10000രൂപ ക്യാഷ് അവാർഡ് നൽകുന്നതിന് ഉപയോഗിച്ചു.)

2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ)ചട്ടങ്ങളിലെ ചട്ടം 3(3) പ്രകാരം വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നൽകുന്നത് അസാധാരണ ചെലവിനമായി കണക്കാക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ തനതു ഫണ്ടിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ്.ടു. തുടങ്ങിയ പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് വിജയം കരസ്ഥമാക്കിയ 20 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് ഒരു വിദ്യാർത്ഥിക്ക് 500/-രൂപ പ്രകാരം ആകെ 10,000 രൂപ പണമായി ധനസഹായം നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് ചട്ടത്തിന് വിരുദ്ധമായി ചെലവഴിച്ച 10,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 109017 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,09,017 | - |
| ജില്ല പഞ്ചായത്ത് | 2015-16 | 283200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,83,200 | - |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരം ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ ഇല്ലെന്നാണ് സെക്രട്ടറി ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയ വിവരം. എന്നാൽ അക്കൗണ്ടിലെ ബി-18 ഷെഡ്യൂളിൽ തുക നൽകിയതായി കാണുന്നു. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | വർഷം | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 2011-12, 2012-13 | 2-7(2) | 5000 | 2015-16 | പ്രിൻസിപ്പൽ, ഖുഉബിയ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1150410230876/ തീ.16.07.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് * | 5,33,02,138 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് * | 7,25,23,018 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,20,026 |

*റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 12,988 | ലസിത.കെ.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 5,42,850 | ലസിത.കെ.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 22,000 | ധനഞ്ജയൻ.സി.പി, വെറ്റിനറി സർജൻ |

| | | |
|---|---|---|
| 3-4 | 9,114 | ഡോ.പ്രഷീൻ.പി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-5 | 79,953 | ഡോ.പ്രഷീൻ.പി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-6 | 28,250 | ഡോ.പ്രഷീൻ.പി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-7 | 6,67,544 | ജസീർ. വി.ഇ.ഒ, പുത്തൂർ, |
| | 32,500 | ലസിത.കെ.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 67,172 | രേഷ്മ.പി., അസിസ്റ്റന്റ് എഞ്ചിനിയർ |
| | 6,870 | രാജീവൻ.ടി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | 16,40,785 | രേഷ്മ.പി, അസിസ്റ്റന്റ്എഞ്ചിനിയർ |
| 3-12 | 10,000 | മോഹനൻ.എം, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | എൽ.എഫ്.സി.12/728/01/തീ.10.01.2013 | 2 | |
| 2002-03 | LF/KNR/സി10/163/15(1)തീ.07.08.2015 | 10 | |
| 2003-04 | LF/KNR/സി10/163/15(1)തീ.07.08.2015 | 10 | |
| 2004-05 | LF/KNR/സി4/1338/തീ.09.09.2010 | 12 | |

| | | | |
|---|---|---|---|
| 2005-06 | LF/KNR/സി10/163/15(3)തീ.07.08.2015 | 7 | |
| 2006-07 | LF/KNR/സി5/1076/10തീ.26.10.2010 | 22 | |
| 2007-18 | LF/KNR/സി5/1079/10തീ.10.12.2010 | 13 | |
| 2008-09 | LF/KNR/സി5/280/12(3)തീ.27.06.2012 | 12 | |
| 2009-10 | LF/KNR/സി5/281/12(3)തീ.28.06.2012 | 16 | |
| 2010-11 | LF/KNR/സി5/282/12)തീ.04.08.2012 | 18 | |
| 2011-12,<br>2012-13 | LF/KNR/സി10/611/14തീ.01.09.2015 | 61 | |
| 2013-14<br>2014-15 | LF/KNR/സി10/968/16തീ.30.06.2016 | 8 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി10/2010/16.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ – 670001.

ഫോൺ: 0497 2707698.

ഇ-മെയിൽ:lfaddistofficeknr@gmail.com

തീയ്യതി: 04-01-2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും

കണ്ണൂർ ജില്ലയിലെ കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

No. KSA/KNR/C10/2010/16.

Kerala State Audit Department

District Audit Office, Kannur-670001.

Phone : 0497 2707698.

E-Mail : lfaddistofficeknr@gmail.com.

Date: 04-01-2017.

Certified that I have audited the Annual Financial Statement of kunnoth paramb Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Kunnoth Paramb Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

# Annexure-2

# Income & Expenditure statement

Kunnathuparamba Grama Panchayath

Income & Expenditure statement

For the period from 01-April 2015 to 31 March 2016

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 3985775.00 |
| 140000000 | Fee &User charges | I-4(b) | 672007.00 |
| 150000000 | Sale &Hire Charges | I-5(b) | 95410.00 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 92047562.00 |
| 171000000 | Interest Earned | I-8 | 126924.00 |
| 180000000 | Other income | I-9 | 139772.00 |

| | | | |
|---|---|---|---|
| A | Total Income | | 97067450.00 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 6691497.00 |
| 220000000 | Administrative Expenses | I-11(b) | 669407.00 |
| 230000000 | Operations & Maintanance | I-12(b) | 2704166.00 |
| 240000000 | Interest & Finance Charges | I-13 | 681.00 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 6400506.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 18624707.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 1462044.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 11613525.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 29305443.00 |
| 255000000 | Maintenance Projects | I-14(e) | 10815853.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 66900.00 |
| 272000000 | Depreciation | I-17(a) | 2859628.00 |
| B | Total - Expenditure | | 91214357.00 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 5853093.00 |
| D=280000000 | Prior period Item | I-18 | 7331452.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (1478359.00) |
| 290000000 | Transfer to reserve funds | | |

| | | | |
|---|---|---|---|
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

# Annexure-3

# Receipt And Payment Statement

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 56,077,869.00<br>0.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,120,300.00 |
| 140000000 | Fees & User Charges | RP-4 | 603,727.00 |
| 150000000 | Sale & Hire Charges | RP-5 | 87,030.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 11,581,668.00 |
| 171000000 | Interest Earned | RP-9 | 126,924.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 37,006,941.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 10,500.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 1,015.00 |
| 311000000 | Earmarked Funds | RP-29 | 1,819.00 |
| 340000000 | Deposits Received | RP-34 | 182,150.00 |
| 350000000 | Other Liabilities | RP-36 | 108,533.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,441,531.00 |
| 460000000 | Loans, Advances and Deposits | RP-47 | 30,000.00 |
| Grand Total | | | 109,380,007.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,258,276.00 |
| 220000000 | Administrative Expenses | RP-12 | 669,407.00 |
| 230000000 | Operations & Maintenance | RP-13 | 1,011,597.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4,034,848.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 10,713,408.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1,462,044.00 |
| 253000000 | Decentralised Plan Programme-Projects not included in Sector | RP-18 | 769,922.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 410,588.00 |
| 255000000 | Maintance Projects | RP-20 | 10,815,853.00 |
| 256000000 | Other Revenue Grants and funds- Revenue Expenses | RP-21 | 66,900.00 |
| 280000000 | Prior Perid Items | RP-26 | 2,971,364.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 750,708.00 |
| 350000000 | Othes Liabilities | RP-36 | 15,187,366.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 681.00 |
| 280000000 | Prior Period Item | RP-26 | 5,000.00 |
| 340000000 | Deposits Received | RP-34 | 107,150.00 |
| 350000000 | Other Liabilities | RP-36 | 1,735,849.00 |
| 410000000 | Fixed Assets | RP-38 | 7,795,459.00 |
| 412000000 | Capital Work in Progress | RP-40 | 16,328,398.00 |
| 460000000 | Loans, Advances and Deposits | RP-47 | 438,200.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 36,745,335.00<br>111,654.00 |
| Grand Total | | | 109,380,007.00 |

# Annexure-4

# Balance Sheet

Kunnathuparamba Grama Panchayat

Balance Sheet

As on 31 March 2016

| Code No | Description of Items | Schedule No | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 31448631.24 |
| 311000000 | Earmarked Funds | B-2 | 45462.00 |
| 312000000 | Reserves | B-3 | 42199798.00 |
| | Total Reserve & surplus | | 73693891.24 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds & Contributions for Specific Purposes | B-4 | 4454128.00 |
| | Total Grants,Funds & Contributions for Specific Purposes | | 4454128.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 448770.00 |
| 350000000 | Other Liabilities | B-9 | 3860140.76 |
| | Total Current Liabilities and Provisions | | 4308910.76 |
| | TOTAL LIABILIITIES | | 82456930.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39231050.00 |
| 411000000 | Accumulated Depreciation | B-11 | (10030959.00) |
| 412000000 | Capital Work In Progress | B-11(a) | 13628850.00 |
| | Total Fixed Assets | | 42828941.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 2122340.00 |
| 450000000 | Cash and Bank balance | B-17 | 36856989.00 |
| 460000000 | Loans,Advances and Deposits | B-18 | 648660.00 |
| | Total Current Assets,Loans and Advances | | 39627989.00 |
| | Total Assets | | 82456930.00 |